6847
07 AUG 2017

**കേരള സർക്കാർ**

**സംഗ്രഹം**

കേരളീയപ്രവാസികാര്യ വകുപ്പ്- ലോക കേരളസഭ പദ്ധതി രൂപീകരിച്ചുകൊണ്ടും 2017-18 സാമ്പത്തിക വർഷത്തിലെ ഭരണാനുമതി നൽകികൊണ്ടും ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കേരളീയപ്രവാസികാര്യ(എ) വകുപ്പ്**

**സ.ഉ.(സാധാ)/498/2017/നോർക്ക** തിരുവനന്തപുരം,തീയതി, 02/08/2017

പരാമർശം:- (1) നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 25.04.2017 ലെ 3042/ജി/2017/റൂട്ട്സ് നമ്പർ കത്ത്.

(2) 24.05.2017 തീയതിയിലെ നോർക്ക ഡിപ്പാർട്ട്മെന്റ് വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്.

(3) 19.06.2017 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ) നം. 418/2017/നോർക്ക.

**ഉത്തരവ്**

കേരള ജനതയുടെ ഒരു വലിയ വിഭാഗം ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായി പ്രവാസജീവിതം നയിച്ചുവരുന്നവരാണ്. ഇത്തരത്തിൽ പല രാജ്യങ്ങളിലായി ചിതറിക്കിടക്കുന്ന പ്രവാസി മലയാളികളെ കുറിച്ചുള്ള തിരിച്ചറിവ്, അവർക്കുവേണ്ടി പൊതുവായ ഒരു ചർച്ചാവേദി ഉണ്ടാകേണ്ടതിനും അവർക്ക് മാതൃസംസ്ഥാനവുമായുള്ള ബന്ധം നിലനിർത്തി പോരുന്നതിനും വളരെ നിർണ്ണായകമാണ്. ഇങ്ങനെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ചിതറിക്കിടക്കുന്ന പ്രവാസികൾ ക്ക് മാതൃസംസ്ഥാനവുമായുള്ള പാരസ്പര്യത്തിന്റെ ആവശ്യകത കണക്കിലെടുത്ത് കേരളനിയമസഭാ സാമാജികരെയും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന പ്രവാസി മലയാളികളുടെ പ്രതിനിധികളെയും ഉൾപ്പെടുത്തിക്കൊണ്ട് ഒരു ലോക കേരളസഭ രൂപീകരിക്കുന്ന വിഷയം സർക്കാർ പരിഗണിക്കുകയുണ്ടായി. ഇത്തരത്തിൽ രൂപീകരിക്കുന്ന ലോക കേരളസഭ, ഉപദേശക സ്വഭാവമുള്ളതും ഒരു വർഷത്തിൽ ഒരു തവണയെങ്കിലും ചേരേണ്ടതും പ്രവാസി മലയാളികളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഔപചാരികമായി ചർച്ച ചെയ്യുന്നതിനും സർക്കാർ നയരൂപീകരണത്തിനുമുള്ള ഒരു വേദിയായി വർത്തിക്കേണ്ടതുമാണ്.

2. പ്രവാസി മലയാളികൾക്ക വേണ്ടി ലോക കേരളസഭ പദ്ധതി രൂപീകരിക്കണമെന്ന് നടപ്പ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിക്കുകയും 2230-01-103-90 എന്ന ശീർഷകത്തിൽ

450,00,000/- രൂപ (നാനൂറ്റി അൻപത് ലക്ഷം രൂപ മാത്രം) വകയിരുത്തുകയും ചെയ്തിട്ടുണ്ട്.പരാമർശം (1) ലെ കത്ത് പ്രകാരം, നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ 2017-18 സാമ്പത്തിക വർഷത്തിൽ പദ്ധതിയുടെ ഭരണാനുമതിക്കായി വിശദമായ ശുപാർശ സമർപ്പിക്കുകയുണ്ടായി.

3. പ്രസ്തുത ശുപാർശ 24.05.2017-ൽ ചേർന്ന നോർക്ക ഡിപ്പാർട്ട്മെന്റ് വർക്കിംഗ് ഗ്രൂപ്പ് യോഗം പരിഗണിക്കുകയും പരാമർശം (2) ലെ നടപടിക്കുറിപ്പ് പ്രകാരം ലോക കേരളസഭ പദ്ധതിക്ക് 2017-18 സാമ്പത്തിക വർഷത്തിൽ ആകെ 450,00,000/- രൂപ (നാനൂറ്റി അൻപത് ലക്ഷം രൂപ മാത്രം) അടങ്കൽ തുകയ്ക്ക് താഴെ പറയുന്ന ഘടകങ്ങൾ പ്രകാരം ഭരണാനുമതി നൽകാൻ തീരുമാനമാകുകയും ചെയ്തിട്ടുണ്ട്.

| ക്രമ നം. | ഘടകങ്ങൾ | സാമ്പത്തിക ലക്ഷ്യം (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ഓഫീസ് സജ്ജീകരണം, പൊതു ഭരണം, ഏകോപനം | 20 |
| 2 | പ്രചാരണം, രജിസ്ട്രേഷനു വേണ്ടി ഇന്ററാക്ടീവ് വെബ്സൈറ്റ്, ലഘുലേഖയും കുറിപ്പുകളും തയ്യാറാക്കുന്നതിനും | 50 |
| 3 | ബാഹ്യ ഏജൻസികളുമായോ ഇവന്റ് മാനേജർമാരുമായോ പങ്കാളിത്തത്തിന് | 7 |
| 4 | ഇവന്റ് നടത്തിപ്പ്, താമസ സൗകര്യം, പ്രഗല്ഭരായ പ്രാസംഗികർക്കുള്ള യാത്രാചെലവ് | 350 |
| 5 | മറ്റു ചെലവുകൾ | 23 |
| | ആകെ | 450 |

4 . പ്രസ്തുത സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ലോക കേരളസഭ പദ്ധതി രൂപീകരിച്ചുകൊണ്ടും പദ്ധതിക്ക് 2017-18 സാമ്പത്തിക വർഷത്തിൽ ആകെ 450,00,000/- രൂപ (നാനൂറ്റി അൻപത് ലക്ഷം രൂപ മാത്രം), 2230-01-103-90 (പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും മേൽ ഘടകങ്ങൾ പ്രകാരം ചെലവഴിക്കുന്നതിനുള്ള ഭരണാനുമതി നൽകിക്കൊണ്ടും പരാമർശം (3) പ്രകാരം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് റദ്ദാക്കിക്കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

File No.NORKA-A2/295/2017-NORKA

147

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**മനോജ് ജോഷി**

**പ്രിൻസിപ്പൽ സെക്രട്ടറി**

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, നോർക്ക- റൂട്ട്സ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്) , കേരള, തിരുവനന്തപുരം.
പ്ളാനിംഗ് & ഇക്കണോമിക് അഫയേഴ്സ് വകുപ്പ്.
ധനകാര്യ വകുപ്പ്
നോർക്ക (ബി) വകുപ്പ്
ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ)വകുപ്പ്.
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ